LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി മഹേശ്വരിയമ്മയുടെ സർവ്വീസ് ബുക്ക് സംബന്ധിച്ച പരാതി

85 [1406] ശ്രീ. എം. എ. റാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ കരവാരം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ടി 324-ലെ ഇന്റേർണൽ ആഡിറ്റർ ശ്രീമതി മഹേശ്വരിയമ്മയുടെ സർവ്വീസ് ബുക്കിൽ സൊസൈറ്റി സെക്രട്ടറി ജനനത്തീയതി തിരുത്തിയത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സംഭവത്തെക്കുറിച്ച് വകുപ്പുതല അന്വേഷണം നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാർക്ക് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പരാതിയിൻമേൽ അന്വേഷണം നടത്തുന്നതിന് തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാറി(ജനറൽ)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൺസ്യൂമർ ഫെഡറേഷൻ ലാഭകരവും കാര്യക്ഷമവുമാക്കാൻ നടപടി

86 [1407] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡറേഷൻ 2001-02 മുതൽ 2003-04 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ എന്തു തുക ലാഭമുണ്ടാക്കിയെന്ന് വെളിപ്പെടുത്താമോ;

(ബി) മുൻ വർഷങ്ങളേക്കാൾ വിറ്റുവരവ് കുറയുകയോ, ലാഭത്തിൽ കുറവ് വരികയോ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർ ഫെഡ് കൂടുതൽ കാര്യക്ഷമമാക്കുവാനും ലാഭം വർദ്ധിപ്പിക്കുവാനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഈ വർഷങ്ങളിൽ ലാഭം ഉണ്ടാക്കിയിട്ടില്ല.

(ബി ആന്റ് സി) വിറ്റുവരവ് കുറഞ്ഞു. നഷ്ടവും കുറഞ്ഞുവരുന്നു. 2001-2002 വർഷം ഫെഡറേഷൻ ഏറ്റെടുത്ത 51 വിദേശമദ്യ ഷാപ്പുകൾക്ക് അമിത കിസ്ത് ഈടാക്കുന്നത് കാരണം വിദേശമദ്യ വ്യാപാരം നഷ്ടത്തിലാണ്. ഇതിൽ 5 വിദേശ മദ്യഷാപ്പുകൾ 2002-2003 സാമ്പത്തിക വർഷത്തിൽ സറണ്ടർ ചെയ്തത് വിറ്റുവരവിൽ ഗണ്യമായ കുറവുണ്ടാക്കിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർഫെഡ് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു:

1. കൺസ്യൂമർഫെഡറേഷന്റെ വിപണന ശൃംഖല വർദ്ധിപ്പിച്ചു.
2. ഉല്പന്നങ്ങൾ കേന്ദ്രീകൃത വാങ്ങൽ നയത്തിലൂടെ സംഭരിക്കുവാൻ നടപടി സ്വീകരിച്ചു.
3. ഗുണ നിലവാരമുള്ള ഉല്പന്നങ്ങൾ കേരളമൊട്ടാകെ ന്യായമായ ഒരേ വിലയ്ക്ക് നല്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
4. കൺസ്യൂമർഫെഡിന്റെ റീജിയണൽ ഓഫീസുകൾ, റെഡ് ഓഫീസ്, വെയർ ഹൗസുകൾ മുതലായവ കമ്പ്യൂട്ടർ വല്ക്കരിച്ചു.
5. ഉത്സവകാലങ്ങളിൽ ഉപഭോക്തൃ സമ്മാന പദ്ധതികൾ നടപ്പിലാക്കി വില്പന വർദ്ധനവ് നേടി.
6. ഇതിന്റെയൊക്കെ ഫലമായി നഷ്ടത്തിന്റെ തോത് കഴിഞ്ഞ 2 വർഷങ്ങളായി ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

അഴീക്കൽ തുറമുഖ കടൽ ഭിത്തി നിർമ്മാണം

87 [1409] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖത്ത് എത്ര മീറ്റർ കടൽഭിത്തി നിർമ്മാണം പൂർത്തിയായി എത്ര മീറ്റർ പണി ബാക്കിയുണ്ട്.

ഉത്തരം

കടൽ ഭിത്തിയുടെ നിർമ്മാണം ജലസേചന വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. ആ വകുപ്പിൽ നിന്നും ലഭിച്ച വിവരം അനുസരിച്ച് കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖത്തിനടുത്ത് മാട്ടൂൽ ഭാഗത്ത് ബ്രേക്ക് വാട്ടറിന് സമീപം ഒരു കിലോമീറ്റർ നീളത്തിലും അഴീക്കൽ ഭാഗത്ത് 1.5 കിലോമീറ്റർ നീളത്തിലും കടൽഭിത്തി നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അഴീക്കൽ തുറമുഖത്തിനടുത്ത്

LIBRARY ARCHIVES Kerala Legislative Assembly